# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 96 — 28.05.2019 ൽ മറുപടിക്ക്

### മുഖ്യമന്ത്രിയുടെ വിദേശപര്യടനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2019 മേയ് മാസം മുഖ്യമന്ത്രി വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ രാജ്യങ്ങളിലാണ് ഔദ്യോഗികസന്ദർശനം നടത്തിയത്; | (എ) | 2019 മേയ് മാസം 8 മുതൽ 19 വരെ മുഖ്യമന്ത്രി നെതർലന്റ്സ്, സ്വിറ്റ്സർലന്റ്, ഫ്രാൻസ്, യു.കെ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. |
| (ബി) | ഓരോ വിദേശരാജ്യത്തും അദ്ദേഹത്തിന്റെ ഔദ്യോഗികപരിപാടികൾ എന്തൊക്കെയാണ്; | (ബി) | നെതർലന്റ്സ് :<br>1. ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം (DDRRT) തയ്യാറാക്കിയ പ്രസന്റേഷനിൽ പങ്കെടുത്തു.<br>2. എ.ആർ.എസ് & ഐ.റ്റി കമ്പനി പ്രതിനിധികളുമായും, ഡച്ച് വാണിജ്യ വ്യവസായ സംഘടനയായ വി.എൻ.ഒ-എൻ.സി.ഡബ്ല്യു അദ്ധ്യക്ഷൻ ഹാൻസ് ദെ ബൂവറുമായും, നെതർലന്റ്സിലെ അടിസ്ഥാന സൗകര്യ-ജല നിർവ്വഹണ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി കോറ വാൻ ന്യൂവെൻഹ്യൂയിസെനുമായും കൃഷി മന്ത്രാലയത്തിലെ സെക്രട്ടറി ജനറൽ ജാൻ കീ ഗോയിറ്റുമായും കൂടിക്കാഴ്ചകൾ നടത്തുകയുണ്ടായി. കൂടാതെ നെതർലന്റ്സിലെ മലയാളികളുടെ കൂട്ടായ്മയായ 'നൻമ' യുടെ അംഗങ്ങളെയും കാണുകയുണ്ടായി.<br>3. "റൂം ഫോർ ദി റിവർ" പദ്ധതിയും റോട്ടർഡാം തുറമുഖവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളും സന്ദർശിക്കുകയുണ്ടായി. ഫ്ലോറിക്കൾച്ചർ രംഗത്ത് സഹകരണം നടത്തി മികവ് കേന്ദ്രം സ്ഥാപിക്കാനും വാഴപ്പഴം കയറ്റുമതിക്ക് സഹായകമായ സാങ്കേതിക വിദ്യലഭ്യമാക്കുന്നത് സംബന്ധിച്ചും ചർച്ച നടത്തി.<br><br>ജനീവ, സ്വിറ്റ്സർലന്റ് :<br>1. അന്താരാഷ്ട്ര പുനർനിർമ്മാണ കോൺഫറൻസ് - പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്തു.<br>2. യു.എൻ.ഡി.പി അസിസ്റ്റന്റ് സെക്രട്ടറി ജനറലുമായും സ്വിറ്റ്സർലന്റിലെ ഇന്ത്യൻ വംശജരായ പാർലമെന്റ് അംഗങ്ങളുമായും ഫെഡറൽ കൗൺസിലർ ഗയ് പാമർലിംങ്മായും കൂടികാഴ്ചകൾ നടത്തുകയുണ്ടായി. മാത്രമല്ല കേരളത്തിലെ ബിസിനസ്-നിക്ഷേപ സാധ്യതകളെപ്പറ്റിയുള്ള ഒരു പ്രത്യേക സമ്മേളനത്തിലും പങ്കെടുത്തു. ജനീവയിലെ മാലിന്യ നിർമ്മാർജ്ജന-പുനർനിർമ്മാണ പദ്ധതിയും മറ്റ് സൗകര്യങ്ങളും സന്ദർശിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഫ്രാൻസ് :<br>1. അന്താരാഷ്ട്ര സാമ്പത്തിക വിദഗ്ദൻ ഡോ. തോമസ് പിക്കറ്റി, ലൂക്കാസ് ചാൻസൽ എന്നിവരെ സന്ദർശിച്ച് ചർച്ചകൾ നടത്തി. ഇവർ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പഠിക്കാൻ ഇവിടം സന്ദർശിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.<br>2. ലോക കേരള സഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രവാസി മലയാളികളുമായുള്ള കൂടികാഴ്ച<br><br>യു.കെ :<br>1. ലണ്ടൻ ഓഹരി വിപണിയിൽ കിഫ്ബിയുടെ മസാല ബോണ്ട് പുറത്തിറക്കൽ ചടങ്ങ്<br>2. യു.കെ മലയാളികൾക്കിടയിൽ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട പരിപാടി. |
| (സി) | പ്രസ്തുത സന്ദർശനവേളയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിരുന്ന ഉദ്യോഗസ്ഥരും കുടുംബാംഗങ്ങളും ആരൊക്കെയാണ്; | (സി) | മുഖ്യമന്ത്രിയുടെ പത്നി, മകൾ, ചെറുമകൻ എന്നിവരടങ്ങിയ കുടുംബാംഗങ്ങൾക്കു പുറമെ വിവിധരാജ്യങ്ങളിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു.<br><br>നെതർലന്റ്സ് :<br>1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി<br>2. ഡോ. വിശ്വാസ് മേത്ത, അഡീ. ചീഫ് സെക്രട്ടറി<br><br>സ്വിറ്റ്സർലന്റ്<br>1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി<br>2. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി<br>3. ഡോ. ശേഖർ. എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി<br>4. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി<br>ഫ്രാൻസ് :<br>1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി<br>2. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി<br>യു.കെ :<br>1. ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യ വകുപ്പ് മന്ത്രി<br>2. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി<br>3. ഡോ. കെ.എം. എബ്രഹാം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി |
| (ഡി) | മുഖ്യമന്ത്രിയുടെ വിദേശപര്യടനവേളയിൽ അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളുടെ ചുമതല ആർക്കാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | മുഖ്യമന്ത്രിയുടെ വിദേശപര്യടനവേളയിൽ അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളുടെ ചുമതല ആർക്കും തന്നെ നൽകിയിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**